## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1309

07.06.2018-ൽ മറുപടിയ്ക്ക്

## കോന്നി ബൈപാസ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കോന്നി ബൈപ്പാസിന്റെ ഡി.പി.ആർ. തയ്യാറാക്കി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത്; നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കോന്നി ബൈപ്പാസിന്റെ ഡി.പി.ആർ. 24.01.2018-ൽ സമർപ്പിച്ചരുന്നുവെങ്കിലും, ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ തിരികെ നൽകിയിട്ടുണ്ട്. |
| (ബി) ബൈപ്പാസ് നിർമ്മാണത്തിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;<br>(സി) അലൈൻമെന്റ് സ്റ്റോൺ ഇടുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;<br>(ഡി) സാമൂഹിക ആഘാത അനുമാന പഠനം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) & (ഡി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പൊതു ആവശ്യത്തിനായി നെൽവയൽ നികത്തുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ (പ്രസ്തുത സ്ഥലത്തെ കൃഷി ഓഫീസർ) അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനതല സമിതി അപേക്ഷ പരിശോധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ നെൽവയൽ നികത്തുന്നതിന് സർക്കാരിന് ഭരണാനുമതി നൽകുന്നതിനും, അലൈൻമെന്റ് സ്റ്റോൺ ഇടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, സാമൂഹിക ആഘാത അനുമാന പഠനം പൂർത്തീകരിക്കുവാനും കഴിയുകയുള്ളു. |
| (ഇ) നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് ഡി.പി.ആർ. സമർപ്പിക്കുവാൻ നിർദ്ദേശം നൽകുമോ? | (ഇ) 2018-19-ലെ ബഡ്ജറ്റിൽ ടി പ്രവൃത്തിയ്ക്കായി 100 രൂപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. പുതുക്കിയ ഡി.പി.ആർ. സർക്കാരിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ